പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 5810

25/05/2017 ൽ
മറുപടിക്ക്

## നഷ്ടത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.എം.സ്വരാജ് | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് നഷ്ടത്തിലായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) അനുബന്ധമായി ചേർക്കുന്നു. |
| ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും കൃത്യമായ കർമ്മപദ്ധതികൾ തയ്യാറാക്കി ത്രികക്ഷിക്കരാർ ഉണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിൻെറ ഭാഗമായി ത്രികക്ഷി കരാർ ഉണ്ടാക്കുന്ന കാര്യം പരിശോധി ച്ചിട്ടില്ല. |
| സി) ഓരോ പൊതുമേഖലാ സ്ഥാപനവും ലാഭകരമാക്കുന്നതിന് സമയബന്ധിതമായ പാക്കേജുകൾ തയ്യാറാക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | സി) ഉണ്ട്. അനുബന്ധമായി ചേർക്കുന്നു. |

Bindumol K.N
സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം വിശദമായി അവലോകനം ചെയ്ത് അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരികയാണ്.

ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയെങ്കിൽ മാത്രമേ വിപണിയിൽ നിന്നും നേരിടുന്ന മത്സരങ്ങളെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികൾക്ക് മുൻ തൂക്കം നൽകിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 കോടിരൂപയുടെ പദ്ധതി വിഹിത സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. ഇത് കൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവ ദിക്കുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിൽ 2017-18 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.**

- 2017-18 സാമ്പത്തിക വർഷം മുതൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കു പുറമേ **കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, മലബാർ സിമൻറ്സ് ലിമിറ്റഡ്, കേരളാ സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്** എന്നീ സ്ഥാപനങ്ങളിൽ വിപുലമായ വിപുലീകരണ പദ്ധതികൾ പ്രത്യേക ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതാണ്.

- 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് **ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു ഉൽപ്പാദന സമുച്ചയം** സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഒരു ഉന്നതതല കമ്മിറ്റിയെ സർക്കാർ ഉത്തരവ് G.O.(Rt) No.61/2017/ID dt.11/01/2017 പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

- **ടെക്സ്റ്റൈൽ മേഖല**യിലെ പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ **15 കോടി** രൂപയുടെ അധിക ധനസഹായം നൽകുകവഴി ആരംഭിക്കുവാൻ സാധിച്ചു. ഇതിൻെറ ഭാഗമായി കേന്ദ്രീകൃതമായി പരുത്തി വാങ്ങുന്നതിനുള്ള സംവിധാനം പുനഃരാരംഭിക്കുവാൻ സാധിച്ചു.

➢ **ടെക്സ്റ്റൈൽ മേഖല**യിലെ സ്ഥാപനങ്ങളുടെ സ്ഥായിയായ പ്രവർത്തനത്തിനും ഉന്നമനത്തിനുമായി പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി ഒരു **വിദഗ്ദ്ധ കമ്മിറ്റി**യെ സർക്കാർ ഉത്തരവ് G.O.(Rt) No.88/2017/ID dt.18/01/2017 പ്രകാരം ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

➢ **കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽ, ഉദുമ ടെക്സ്റ്റൈൽ മിൽ, ഹൈടെക് വീവിംഗ് മിൽ, പിണറായി എന്നിവയിൽ ബാക്കിയുള്ള ജോലികൾ പൂർത്തീകരിച്ച്** വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതിനായി **31 കോടിരൂപ** 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

➢ പൊതുമേഖലയിൽ പ്രവർത്തിച്ചുവരുന്ന ടെക്സ്റ്റൈയിൽ മില്ലുകളുടെ ആധുനികവത്ക്കരണ പദ്ധതിയുടെ പൂർത്തീകരണത്തിനായി **9.40 കോടിരൂപ** 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്

- **കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ്** - നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി Oxygen Plant capacity enhancement, distributed control system, energy efficient tickle pre heaters, fire hydrant system മുതലായ 64 കോടി രൂപയുടെ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. 6.15 കോടി രൂപയുടെ conversion of LPG system into LNG system പദ്ധതി പുരോഗമിക്കുന്നു.

1. **പിഗ്മൻറ് ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ**

കമ്പനിയുടെ നിലവിലുള്ള പിഗ്മൻറ് ഉൽപ്പാദനശേഷി പ്രതിവർഷം 40,000 ടണ്ണിൽ നിന്നും പ്രതിവർഷം 60,000 ടൺ എന്ന നിലയിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതി. ഇതിനായി 450 കോടി രൂപ മുതൽ മുടക്ക് വേണ്ടിവരും രണ്ടു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തികരിക്കുന്നതാണ്.

2. **ടൈറ്റാനിയം കോംപ്ലെക്സ് സ്ഥാപിക്കൽ**

വർദ്ധിച്ചു വരുന്ന ആഭ്യന്തര ഉപയോഗം, കയറ്റുമതി സാധ്യതകൾ എന്നിവ കണക്കിലെടുത്തും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചും ടൈറ്റാനിയം ലോഹം, ലോഹ സങ്കരങ്ങൾ, അലോയികൾ, രാസവസ്തുക്കൾ, ധാതു മണലിൽ നിന്നും ലഭ്യമാകുന്ന മറ്റ് ഘടകങ്ങൾ ഉപയോഗിച്ചുള്ള സംയുക്തങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഒരു ടൈറ്റാനിയം കോംപ്ലെക്സ്.

സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തുവരുന്നു. 4 വർഷത്തിനുള്ളിൽ പ്രവർത്തന സജ്ജമാക്കാവുന്ന ഈ പദ്ധതി ലോകവ്യാപകമായി ടൈറ്റാനിയം വ്യവസായ മേഖലയിൽ കേരളത്തിന് പ്രമുഖ സ്ഥാനം നേടി തരുന്നതാണ്.

- **മലബാർ സിമൻറ്സ് ലിമിറ്റഡ്-** Cochin Port Trust-ൽ നിന്നും പാട്ടത്തിനെടുത്ത 7 ഏക്കർ സ്ഥലത്ത് സിമൻറും, സിമൻറുൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, നിർമ്മാണ മേഖലയ്ക്കാവശ്യമായ സാമഗ്രികൾ മുതലായവ കൈകാര്യം ചെയ്യുന്നതിനായുള്ള 160 കോടിരൂപയുടെ Cement and allied materials handling പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നു. വാളയാർ യൂണിറ്റിൽ നിലവിലുള്ള ശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തുവരുന്നു.

- **ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്-** നിലവിലുള്ള പ്ലാൻറിൻെറ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി കോപ്പറസ് റിക്കവറി പ്ലാൻറ് നടപ്പിൽ വരുത്തുന്നതിന് 16 കോടി രൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ ടൈറ്റാനിയം ഡയോക്സൈഡ് പ്ലാൻറിൻെറ കാലപ്പഴക്കം ചെന്ന വളരെ നിർണ്ണായകമായ മെഷിനറികൾ മാറ്റിവെയ്ക്കുന്നതിനും Sulphuric acid plant ൻെറ നവീകരണത്തിനും 10 കോടി രൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്.

- **ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് :** വർദ്ധിച്ചുവരുന്ന കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉൽപാദനശേഷി പ്രതിദിനം 125 ടണിൽ നിന്ന് 350 ടൺ ആക്കി വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. രണ്ട് വർഷം കൊണ്ട് നടപ്പിലാക്കാനുദ്ദേശിക്കുന്ന ഈ വികസന പദ്ധതിക്ക് മതിപ്പ് മുതൽ മുടക്ക് 400 കോടി രൂപ വരുന്നതാണ്. 2017-18ൽ HCL Synthesis unit ആരംഭിക്കുന്നതിനായി സർക്കാർ 5 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

- **ട്രാക്കോ കേബിൾ കമ്പനി:** കമ്പനിയുടെ തിരുവല്ലയിലേയും, ഇരിമ്പനത്തേയും യൂണിറ്റുകളുടെ ഉത്പാദന ശേഷി വർദ്ധിപ്പിച്ചു ഓർഡറുകൾ കൃത്യതയോടെ സമയബന്ധിതമായി ചെയ്യുന്നതിനുവേണ്ട അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും യൂണിറ്റിൻെറ ഉൽപാദനശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതിയ്ക്കായി 10 കോടി രൂപ 2017-18ൽ അനുവദിച്ചിട്ടുണ്ട്.

- **കേരളാ ഇലക്ട്രിക്കൽസ് ആൻറ് അലൈഡ് എൻജിനിയറിംഗ് കമ്പനി:** 2017-18ൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ പ്ലാൻറിൻെറ

നവീകരണത്തിനും, കുണ്ടറയിലെയും, ഒലവക്കോടിലെയും യൂണിറ്റുകളുടെ നവീകരണത്തിനുമുള്ള പദ്ധതിയ്ക്കായി 18 കോടിരൂപ അനുവദിച്ചിട്ടുണ്ട്.

- **ട്രാൻസ്ഫോർമേർസ് ആൻറ് ഇലക്ട്രിക്കത്സ് കേരളാ ലിമിറ്റഡ് (ടെൽക്ക്):**__ആധുനികവൽക്കരണത്തിൻെറ ഭാഗമായി വേപ്പർ ഡ്രയിങ് പ്ലാൻറ് (12.50 കോടിരൂപ) 3-ഫേസ് ഹൈ ഫ്രീക്വൻസി ജനറേറ്റർ (6.50 കോടിരൂപ), 270 ടൺ ക്രൈൻ (6 കോടിരൂപ) മുതലായ പദ്ധതികൾക്കായി സർക്കാർ 2017-18ൽ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കാവശ്യമായ തുക NTPC-യിൽ നിന്നും ആനുപാതികമായി ലഭ്യമാക്കേണ്ടതുണ്ട്.

- **കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡിൽ**: കേരളത്തിലാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇൻഞ്ചക്ടബിൾസ്, ഹോസ്പിറ്റൽ ഡിഡ്പോസിബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 2017-18-ൽ 18.15 കോടി രൂപ ബഡ്ജറ്റിൽ കമ്പനിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുമെന്നും ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

- **കെൽട്രോണിനെ** നമ്മുടെ രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുക എന്നതാണ് വികസനപദ്ധതി ലക്ഷ്യമിടുന്നത്. സോളാർ ഫോട്ടോ വോൾട്ടായിക് പവർ പ്ലാൻറുകൾ, സ്മാർട്ട് എനർജി മീറ്ററുകൾ, ഡിഫൻസ് എക്യുപ്മെൻറ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ പദ്ധതികളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുക. കമ്പനിയുടെ വിവിധ യൂണിറ്റുകളിൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തുക. ഏകദേശം 100 കോടി രൂപ മുതൽ മുടക്കിൽ 2 വർഷത്തിനകം പൂർണ്ണമായ തോതിൽ ഉൽപ്പാദനക്ഷമമാകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 2017-18-ൽ 10 കോടി രൂപ ബഡ്ജറ്റിൽ കമ്പനിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. കണ്ണൂരുള്ള കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സിൻെറ നവീകരണത്തിനും 10 കോടിരൂപ 2017-18ൽ വകയിരുത്തിയിട്ടുണ്ട്.

- ആലപ്പുഴയിലെ **ഓട്ടോകാസ്റ്റിൽ** സ്റ്റീൽ കാസ്റ്റിംഗ് പദ്ധതിയും സാൻഡ് റിക്ലമേഷൻ പദ്ധതിയും പൂർത്തികരിച്ചുവരുന്നു. നിലവിലുള്ള പ്ലാൻറിൻെറ നവീകരണത്തിനും, റയിൽവേ ബോഗി ഫ്രയിം

നിർമ്മാണത്തിനായും 2017-18ൽ 10 കോടിരൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

- **കേരളാ സിറാമിക്സ് ലിമിറ്റഡിൽ** കമ്പനിയുടെ നവീകരണത്തിനും പുതിയ ഖനന ഭൂമി വാങ്ങുന്നതിനായും 2017-18ൽ 15 കോടിരൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

- **യുണൈറ്റഡ് ഇലക്ട്രിക്കൽസ് ലിമിറ്റഡിൽ** ആധുനികവത്ക്കരണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബിയ്ക്കും, ഇതര സംസ്ഥാനങ്ങൾക്കും ഉതകുന്ന പുതുതലമുറ മീറ്ററുകളുടെ നിർമ്മാണവും, എൽ.ഇ.ഡി ലൈറ്റുകളുടെ നിർമ്മാണവും പരിഗണനയിലാണ്. ഇതിനായി 4 കോടിരൂപ 2017-18ൽ വകയിരുത്തിയിട്ടുണ്ട്.

- **ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്:** പരിസ്ഥിതി സംബന്ധമായ പ്രശ്നങ്ങളാൽ വെള്ള സിമന്റ് ഉൽപ്പാദനം നിലച്ചിരിക്കുന്നതിനാൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുപയോഗിച്ച് പ്രതിവർഷം 10 ലക്ഷം ടൺ ഗ്രേ സിമന്റ് ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തുവരുന്നു. ഈ പദ്ധതിയ്ക്കായി 10 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

- **കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിന്** ഐ.എസ്.ആർ.ഒയിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനായി മെഷീൻ ഷോപ്പ് സൗകര്യങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി വിഭാവനം ചെയ്തുവരുന്നു. 7 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്.

- **സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സിൽ** ഹീറ്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള 12.50 കോടിരൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 4.50 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്.

- **ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിൽ** നൂതനമായ ഫർണിച്ചർ ഉൽപ്പന്നങ്ങളുടെ വികസനത്തിനായുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. 2 കോടിരൂപ 2017-18ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്.

Bindumol K.N
സെക്ഷൻ ഓഫീസർ